

# ടെക് പൾസ്

ഡിജിറ്റൽ മാഗസീൻ

സെന്റ്.ആന്റണീസ് എച്ച്.എസ്.കോയിവിള

# ആമുഖം

പ്രിയരെ,

കുരുന്നു മനസുകളിൽ ഭാവനയുടെ ചിറകുവിടർത്തി അനന്ത

വിഹായസിലേക്ക് പറക്കുന്നവരുടെ സ്വപ്നവും സൗഹൃദവും

ദർശിക്കുവാൻ പല വിഭവങ്ങളും കോർത്തിണക്കി നിങ്ങൾക്കു

മുമ്പിൽ അവതരിപ്പിക്കുന്നു....

ഭാവുകങ്ങൾ,




എഡിറ്റർ

Melbin Biju





***Mr.Ajith Jose***
***School Headmaster***

സെന്റ് ആന്റണിസ് H.S. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ സംരംഭമായ "ടെക് പൾസ് " ഡിജിറ്റൽ മാഗസിൻ ഏറെ ശ്രദ്ധാപൂർവം, ശ്രമകരമായി തയാറാക്കുവാൻ പരിശ്രമിച്ച എല്ലാ വിദ്യാർത്ഥികൾക്കും അനുമോദനങ്ങൾ. ഈ മാഗസിൻ ഡിജിറ്റൽ ലോകത്തേക് പദ്ധമൂന്നുന്ന ഓരോരുത്തർക്കും നാവ്യാനുഭവം പകരട്ടെ.□□□□□□□□

# ആശംസകൾ

# *LITTLE KITES MEMBERS*








# TABLE OF CONTENTS


## WORKS OF KIDS:-

1.) കുഞ്ഞാറ്റക്കിളിയോട്
2.) അത്ഭുതലോകം
3.) അമ്മമ്മയുടെ കഥ
4.) അപ്സര  സുന്ദരി നീ
5.) അമ്മ
6) വേനലിൽ വന്ന മഴ
7.) കഥകളുടെ വഴി
8.)താമരപ്പൂവ്

## SCHOOL CELEBRATIONS:-

1.)Environment Day
2.)Teachers Day
3.)Reading Day
4.)Anti-Drug Day
5.) Onam
6.)Christmas
7.)Millets Day
8.)Agriculture Day

## QUIZZ:-

1.)GK Quizz
2.) IT Quizz

ആറ്റക്കിളിയേ ചെറുകിളിയേ

തീറ്റയതൊന്നും കിട്ടീലേ ?
കൂട്ടരെയാരേം കണ്ടില്ലേ?
തേടിത്തേടി മടുത്തോ നീ ?
എന്നുടെ വീട്ടിൻ മുറ്റത്ത്
പൂച്ചെടി നിറയെപ്പൂവുണ്ട്
പൂവിൽ നിറയെത്തേനുണ്ട്
പൂന്തേനുണ്ണാൻ പോരാമോ
പൂന്തേനുണ്ടു കഴിഞ്ഞാലേ
പാട്ടുംപാടി നടന്നീടാം
കൂട്ടിൽ കേറ്റിയിരുത്തീടാം
കൂട്ടിനു ഞാനും കൂടീടാം.



Fathima H
9A



Agna Grace
9A

# അത്ഭുതലോകം

വാശി പിടിച്ചും മെയ്ക്കിട്ടേറിയും
അമ്മേച്ചുറ്റി കളിച്ചു നടക്കും
പുന്നാരുണ്ണിയെ ഒക്കത്തേറ്റി-
യമ്മ പറഞ്ഞു കൊടുക്കുന്നു
പൊൻവെയിൽ തൂകും സൂര്യനെ കണ്ടോ?
മാനത്തമ്പിളിമാമനെക്കണ്ടോ?
പുലരി വരുമ്പോൾ ചെങ്കതിർ കണ്ടോ?
രാവുണരുമ്പോൾ താരകൾ കണ്ടോ?
നൂറു നിറത്തിൽ പൂവുകൾ കണ്ടോ?
നൂറഴകോലും പീലികൾ കണ്ടോ?
മധുരം പകരും പഴങ്ങൾ കണ്ടോ?
മാനത്തോളം മരങ്ങൾ കണ്ടോ?
ദേശടകരാം കിളികൾ കണ്ടോ?
പൂവുകൾ തോറും തുമ്പികൾ കണ്ടോ?
ഏഴു നിറത്തിൽ മഴവിൽ കണ്ടോ?
നിറമാടും മൂവന്തികൾ കണ്ടോ?
കടലലയാർക്കുമിരമ്പൽ കണ്ടോ?
പുഴകൾ പാടും പാട്ടുകൾ കേട്ടോ?
മുളകൾ പാടും ബാംസുരി കേട്ടോ?
കിളികൾ പാടും രാഗം കേട്ടോ?
കണ്ണിലൊതുങ്ങാക്കാഴ്ചകൾ കണ്ടും
കാതു കവിഞ്ഞ നിനാദം കേട്ടും
വിസ്മയലോകത്തെത്തിയ കുഞ്ഞിനൊ-
ടമ്മ പറഞ്ഞു കൊടുത്തു വീണ്ടും.
വേറിട്ടെല്ലാം കാണുക മുത്തേ
വേറിട്ടെല്ലാം കേൾക്കുക പൊന്നേ
കണ്ണിൽ ,കാതിലൊതുങ്ങിലല്ലോ
എന്നും പുതുതാമത്ഭുതലോകം.



# അമ്മമ്മയുടെ കഥ



Feba S
9A

രാവിലെ ,അശ്വിനെ വിളിച്ചുണർത്താനായി പതിവുപോലെ,ജാലകം കടന്ന് വെയിൽ അവൻെറ മുറിയിലെത്തി.കട്ടിലിൽ അശ്വിൻ ഇല്ലായിരുന്നു!അശ്വിൻ നേരത്തേ ഉണർന്നു.ഞാനേ കൂവിവിളിച്ചിട്ടാ...,എന്നിട്ട്,അശ്വിൻ വെളിച്ചവുമായി പുറത്തേക്ക് പോയി...കൂട്ടിലെ പൂവനാ...കോഴിപ്പൂവൻ.വെയിൽ പൂവനെ ഒന്നു നോക്കി.ഞാൻ കൂവിവിളിച്ചിട്ടല്ലേ നിനക്ക് വെളിച്ചം വന്നത് എന്നൊരു അഹങ്കാരമുണ്ട് പൂവൻെറ കണ്ണിൽ... ഇഷ്ടപ്പെടാതെ ,വെയിൽ മുഖം തിരിച്ചുനിന്നു.മുറ്റത്ത് പടർന്നു പന്തലിച്ച വിടരാപ്പൂമരത്തിൻെറ ചില്ല കാറ്റിൻെറ കൈപിടിച്ച് ജാലകത്തിനുനേരെ വന്നപ്പോൾ അതിനെ വെട്ടിച്ച് വെയിൽ പുറത്തുകടന്നു. വിടരാപ്പൂമരത്തിലെ ചുവപ്പും മഞ്ഞയും ഇടകലർന്ന വിടരാപ്പൂക്കളെ വെയിൽ കണ്ടില്ല.നീണ്ട കൊക്കുകൾ വിടരാപ്പൂവിനുള്ളിൽ കടത്തി തേൻ നുകരുന്ന തേൻകുരുവികളേയും വെയിൽ കണ്ടില്ല.വെയിൽ പടിഞ്ഞാറുഭാഗത്തേക്ക് തലതിരിച്ചപ്പോൾ കാറ്റ് മുന്നേ അങ്ങോട്ടു പറന്നു.കൈകോർത്തുപിടിച്ച് രാവിലത്തെ വിശേഷങ്ങൾ പറയുകയായിരുന്ന പേരയും സപ്പോട്ടയും പെട്ടെന്ന് രണ്ട് ഭാഗത്തേക്കും കൈകൾ പിൻവലിച്ചു . കിട്ടിയ വിടവിലൂടെ വെയിൽ മണ്ണിലേക്ക് ഊർന്നിറങ്ങി വഴിയരികിലെ തെറ്റിയിലേക്ക് പോയിരുന്നു.അശ്വിൻ പുലരും മുൻപ് എവിടെയോ പോയത് ? വെയിൽ തന്നത്താൻ ചോദിച്ചു.തെറ്റി മുന്നിൽ നീണ്ടുകിടക്കുന്ന വഴിയിലേക്ക് പൂ നീട്ടി.മാമൻെറ വീട്ടിലേക്ക്... അമ്മമ്മയെ കൂട്ടാൻ പോയതാ.വെയിലിൻെറ മുഖം തെളിഞ്ഞു.മുഖത്തു ചിരി വിടർന്നു.കാറ്റ്, ചിരിയുമായി പറന്നു...എങ്ങും വെയിൽച്ചിരികൾ...അശ്വിൻെറ അമ്മമ്മ വരുന്നു...വൈദ്യുതിലൈനിൽ ഇരുന്ന് മഞ്ഞക്കിളി പറഞ്ഞു.ചവേലകളും മീൻകൊത്തിയും മരംകൊത്തിയും അണ്ണാറക്കണ്ണനും ഉത്സാഹത്തോടെ ഏറ്റുപറഞ്ഞു:അശ്വിൻെറ അമ്മമ്മ വരുന്നു... മരങ്ങളായ മരങ്ങളിലെല്ലാം മണ്ണാത്തിപ്പുള്ള് പാടിനടന്നു:

കേട്ടപാടെ , കാടുമുഴക്കി തലവെട്ടിച്ചു.തേൻകുരുവി  വിടരാപ്പൂമരത്തിൻെറ ചില്ലപ്പടർപ്പിലൊളിച്ചു...തെങ്ങിൻെറ മണ്ടയിൽ പുഴുക്കളെ തിരയുകയായിരുന്ന ചെമ്പോത്ത് സപ്പോട്ടമരത്തിലെ ഇലപ്പടർപ്പുകളിലേക്ക് പറന്നു.ചെമ്പകമരത്തിൽ കുലകളായി ഞേലുന്ന ചെമ്പകപ്പഴങ്ങൾ കൊത്തിവിഴുങ്ങുകയായിരുന്ന കാട്ടുമൈന കുറുകി:അമ്മമ്മ വന്നാൽ, കഥയറിയ്യോ? ദേഷ്യവും ബഹളവും പരിഭവവും അശ്വിനും നമ്മൾക്കും കേടായി എല്ലാവർക്കും സ്വൈര്യക്കേടായി...കാടുമുഴക്കിയാണ് സ്വൈര്യക്കേടിൻെറ കഥ പറഞ്ഞത്:ഇത്തിരി വടക്കൊരു ദേശത്താണ് അമ്മമ്മ.മാമൻെറ വീട്ടിൽ.പ്രായമൊത്തിരിയുണ്ട്.വഴിയേ പോകുന്ന ആളുകളെയും കുതിച്ചുപായുന്ന വണ്ടികളെയും നോക്കി,തൊടിയിൽ വിരുന്നെത്തുന്ന പക്ഷികളെയും പൂമ്പാറ്റകളെയും മറ്റു ജന്തുക്കളെയും നോക്കിനോക്കി പകലൊക്കെ അമ്മമ്മ ഉമ്മറത്ത് ഒറ്റയ്ക്കിരിക്കും. പഴങ്ങളുടെ മധുരവും ചവർപ്പും നുകരാനായി ഞങ്ങളപ്പോൾ മുറ്റത്തെ ഞേറയിൽ പാറിവരും. ആദ്യമാദ്യം അമ്മമ്മയ്ക്ക് ഇഷ്ടം,ഞങ്ങൾക്ക് ഇഷ്ടം,മധുരം...പിന്നെപ്പിന്നെ,അമ്മമ്മയ്ക്ക് വെറുപ്പ്...ഞങ്ങൾക്ക് വെറുപ്പ് , അറപ്പ്...പാടി ദോഷം...കുറുകിയാൽ പഴങ്ങൾ തിന്നാൽ ദോഷം, പഴങ്ങൾ നിലത്തു വീണാൽ അതിലും ദോഷം...വഴക്കോട് വഴക്കാണേ,വഴക്കമ്മമ്മ...വീട്ടിനുള്ളിലും അമ്മമ്മ ലഹളകൾ...തേൻകുരുവി പറഞ്ഞുതുടങ്ങി:'മിണ്ടിയാൽ ദേഷ്യം,മിണ്ടാഞ്ഞാൽ ദ്വേഷം.ചീത്ത പറച്ചിലും കച്ചറ കൂടലും പോരെടുക്കലും ജഗ ജഗ പൊക...'വഴക്കായാൽ മുറ്റത്തേക്ക് പറന്നുവരും അടുക്കളയിലെ പാത്രങ്ങൾ...ചെമ്പോത്ത് പറയുന്നു. ടീവി കാണൂലാ,ഭക്ഷണം തൊടൂലാ,അരിശം പിടിച്ചാൽ അമ്മമ്മ...കുട്ട്യോളെ നോക്കാതെ പൂക്കളെ കാണാതെ പടച്ചിയാകും പെണങ്ങമ്മ.എന്നാലൊരു സങ്കടമുണ്ട്, കാട്ടുമൈനയക്കാണ് സങ്കടം; എല്ലാം കഴിയുമ്പോൾ ആരുമറിയാതെ ആരാലും കാണാതെ കണ്ണീരൊഴുക്കും അമ്മമ്മ...
കേട്ടിരുന്ന മണ്ണാത്തിക്ക് സങ്കടം...,ചവേലയ്ക്ക് സങ്കടം...,മീൻകൊത്തിക്കും മരംകൊത്തിക്കും സങ്കടം...,മഞ്ഞക്കിളിക്കും അണ്ണാറക്കണ്ണനും പെരുത്ത  സങ്കടം... സങ്കടം വന്ന് ചിരിവറ്റിപ്പോയ വെയിൽ ദൂരെ മൈതാനത്തു പോയി മയങ്ങിക്കിടന്നു.കാറ്റ് തൊടിയിലെ മാവിലകളിൽ തൂങ്ങി സങ്കടമൊതുക്കി.പടച്ചിയെങ്കിൽ എല്ലാം കഴിയുമ്പോൾ അമ്മമ്മ കരയുന്നതെന്തിനാ ? ക്ടൂർർർ...

പേരമരത്തിലെ ഇലകൾക്കിടയിൽനിന്ന് കുട്ടുറവനാണ്.ആ...! കാടുമുഴക്കി ചിറകുകുലുക്കി.ആവോ...! കാട്ടുമൈന കണ്ണടച്ചു..തേൻകുരുവി എല്ലാരേം നോക്കി ചൂളമിട്ടു.
"ആവോ,ആർക്കറിയാം..!"അപ്പോൾ ,വീട്ടിലേക്കുള്ള വഴിയിൽ അശ്വിനെത്തി.കാറ്റ് ആദ്യം മൈതാനത്തേക്കു പറന്നു.
വെയിലിനെ ഉണർത്തി.

കൂട്ടുകാർ എല്ലാം അമ്മയുടെ അടുത്തു ചെന്ന് പറഞ്ഞു : "അമ്മമ്മേ കഥ വേണം , അമ്മമ്മ കഥ..."

അമ്മമ്മ കൂട്ടുകാർക്ക് പഴങ്ങൾ കൊടുത്തു. എന്നിട്ട് കഥ പറഞ്ഞുതുടങ്ങി.മൈതാനത്ത് ഉറങ്ങിക്കിടന്ന വെയിൽ കഥകേട്ട് പാറിവന്നു..

കഥകേട്ട് വെയിൽ ചിരിച്ചു.എങ്ങും വെയിൽച്ചിരികൾ.കാറ്റ് ഇലകളിലേക്ക് കൈവീശി.ചുറ്റും ഇലമർമ്മങ്ങൾ...

വഴിയിറമ്പിലെ 16 ചെടിയായ ചെടികളിൽനിന്ന് പക്ഷികൾ പാടി.

"അമ്മമ്മ വന്നൂ...അമ്മമ്മക്കഥകൾ വന്നൂ..."

# സുന്ദരി



Varsha
10A

പുലരി തൻ വെട്ടം കാണവെ
മിഴി തുറക്കും പൊൻ പ്രകൃതി നീ...
കിളികൾ തൻ കിളി നാദവും
കളകളം ഒഴുകും പുഴതൻ
ആരവവും  വർണ്ണമയി ഹേ...ഉഷസ്സേ
നീ എന്തെ ഇതുവരെ ഒന്നു മിണ്ടാത്തെ
കണ്ണഞ്ചിപ്പിക്കും നിൻ പുലരിയിൽ
ആരു നീ ദേവതയോ
അതോ പൊൻ പുലരിയോ?
എന്തേ നീ വല്ലാതെ വൈകി നീ വരുവാൻ
എന്നുമെൻ ആന്ദരിന്ദ്ര്യമാം സ്വപ്നത്തിൽ
നീ വന്നുചേരവേ
എന്തിനോയെന്നല്ലാതെ
മറഞ്ഞു നീ എൻ കിനാക്കളിൽ
അല്ലയോ അജസുന്ദരി നിൻ പുലരി വെണ്മയിൽ
ശലഭങ്ങളാം പ്രകൃതി നാണിച്ച നിൽക്കയോ?
പൊൻ പുലരി...നീ ആരെയോ കാത്ത് നിൽക്കേ
നിൻ തേര് പോകവേ നോക്കി നിൽക്കും
രാജദേവൻമാരെയോ?

# അമ്മ



Alphonsa Domson
7A

അമ്മ തൻ താരാട്ടിനീണം മറക്കമോ

അമ്മിഞ്ഞപ്പാലിൻ മധുരം മറക്കമോ

പെറ്റമ്മ തൻ മടിത്തട്ടിലാണാദ്യമായ്
തൊട്ടിലൊരുക്കിയ പട്ടുറുമാൽ

തൊട്ടിലൊരുക്കിയ പട്ടുറുമാൽ

എൻ ആദ്യ ഗുരുവായ് സ്ഥാനം ചെയ്ത്
വാത്സല്യമേ

അമ്മ തൻ സ്നേഹത്തിൽ ആഴക്കടലിൽ
മുങ്ങിക്കുളിക്കുവാൻ ഞാൻ എന്നും
കൊതിച്ചിടുന്നു.

അമ്മയാം സ്നേഹക്കടലേ...
അമ്മയാം ദീപ വിളക്കേ ....

അമ്മ തൻ മാറോടണഞ്ഞിടുമ്പോൾ
എൻ കുറവുകളെന്ന നിറവുകളായി മാറിടുന്നു.

എൻ കുറവുകളെന്നും നിറവുകളായി
മാറിടുന്നു ....

മാതൃത്വത്തിൻ നിറകുടമേ

അമ്മയാം സ്നേഹത്തണലിൽ നിറഞ്ഞിടുമ്പോൾ

എൻ ഭാരങ്ങളെന്നും അലിഞ്ഞിടുന്നു .





Meenakshi
8.B

# വേനലിൽ വന്ന മഴ

വേനലിൽ വന്നൊരു മഴയല്ലോ
വേവും ചൂടിന് കുളിരായി
വാടും ചെടികൾക്ക് സന്തോഷം
പച്ചപ്പുല്ലുകൾ തലയാട്ടി
കൊച്ചോലച്ചുരുൾ നിവരുകയായ്
ഉണരും പുലരിയിലുല്ലാസം
തളിരിടുമൊരോ തളിരിതിലും
പുതുമണ്ണിൻ നറുസുഗന്ധവുമായി
കാറ്റും കുളിരും കിന്നാരം
മണ്ണിൽ വീണ മഴത്തുള്ളി
കണ്ണിൽ കനവു വിതച്ചല്ലോ
ചുടുനെടുവീർപ്പാൽ വിങ്ങിയ മണ്ണിൽ
നെടുനിശ്വാസമുയർന്നല്ലോ

# കഥകളുടെ വഴി



Trinity Jose
10A

തിരി നേരേ...പിന്നെ,തിരിഞ്ഞു
വഴി...ഞാനാ
വളവു കഴിഞ്ഞതും...ദാ,മുന്നിൽ
ചെണ്ടപ്പ്റാന്തൻ!
തനിച്ചായിപ്പോയിട്ടും സ്കൂൾ വിട്ടു
വരുന്നേരം
മറവഞ്ചേരിയിടവഴി പോന്നതു
തെറ്റി.
തകരച്ചെണ്ട മാറ്റിവച്ചയാൾ
പൊതിച്ചോറു

വിരകിക്കഴിക്കുന്നു,തെയ്യാരോ...തെയ്...തെ
യ്...പാടി
അപ്പുറം തൊടികളിൽ
മൂളുന്നതെന്തായിടാം
വൃശ്ചികക്കാറ്റോ കൂട്ടുകാരുടെ
കഥകളോ ?
പേടിച്ചുവിറച്ചു ഞാൻ വിതുമ്പാൻ
തുടങ്ങുമ്പോൾ
പാവമൊരു ചിരി വന്നെന്നെ
ലാളിക്കുന്നു...

# താമര

കാണാൻ ചന്തമേഴുന്നോരു
പൊയ്ക
താമരപ്പൊയ്ക
ചേറിൽ വളരുന്ന
ചെടിയാണേലും
ഏറ്റം ചേലുള്ള പൂവാണേ
വണ്ടുകൾ തേനുണ്ണും
പൂവാണേ
ലക്ഷ്മി ദേവിതൻ
ഇരിപ്പിടമാണേ
പൂജയ്ക്ക് പുണര്യവാം
പൂവാണേ
നമ്മുടെ നാടിൻെറ
പൂവാണേ



Rose Maria Antony
8A

# വരകളിലൂടെ...


Save Tree


JUNE 5


SAVE TREES
SAVE EARTH
SAVE WATER
WORLD ENVIRONMENT DAY
JUNE 5


Protect Our Nature Do Not Cut Trees



# WORLD ENVIRONMENT DAY













# TEACHERS DAY
















# READING DAY


സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, കോയിവിള.
വായനോത്സവവും
വിദ്യാരംഗം ക്ലബ് ഉദ്ഘാടനവും
സെന്റ് ആന്റണീസ് ഹൈസ്കൂൾ കോയിവിള
ഉദ്ഘാടനം : ചവറ കെ. എസ്. പിള്ള


സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, കോയിവിള.
വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ
വിളയും വായിക്കാതെ
വളർന്നാൽ വളയും!


സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, കോയിവിള.


സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, കോയിവിള.


സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, കോയിവിള.
വായനാ കൂടാരം


സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, കോയിവിള.

# MILLETS DAY














ST.ANTONY H S KAIVILA
സെന്റ് ആന്റണീസ് ഹൈസ്കൂൾ
അന്താരാഷ്ട്ര ലഹരി വിരുദ്ധദിനം
ജൂൺ - 26
ലഹരിയിൽ നിന്ന് അകലാം
ജീവിതത്തോട് അടുക്കാം
ജൂൺ 26
ലോക ലഹരി വിരുദ്ധ ദിനം

# ONAM









# CHRISTMAS











# Achievements







# പൊതുവിജ്ഞാന ക്വിസ്

1. രാത്രിയില്ലാത്ത സ്ഥലം ഏതാണ് ?

- ശൂന്യാകാശം

2. ഏറ്റവും കൂടുതൽ താപം ഉൾകൊള്ളാൻ കഴിവുള്ള പദാർത്ഥം?

- ജലം

3. പതിനൊന്ന് വർഷത്തിലൊരിക്കൽ പ്രസവിക്കുന്ന ജീവി?

- ആന

4. ക്രിക്കറ്റ് ബാറ്റ് ഏത് മരം കൊണ്ടാണ് ഉണ്ടാക്കുന്നത്?

- വില്ലോ

5. കരയുന്ന മരം അഥവാ പീപ്പിംഗ് വുഡ് എന്നറിയപ്പെടുന്ന മരം?

- റബ്ബർ

6. ഇന്ത്യൻ കറൻസി നോട്ടുകളിൽ എത്ര ഭാഷകൾ കാണാം?

- 15

7.ലോകത്തിൽ ഏറ്റവും കൂടുതൽ റോഡുകളുള്ള രാജ്യം?

ഇന്ത്യ



# ഐ.ടി ക്വസ്

1ലോക കമ്പ്യൂട്ടർ ദിനം?

ഡിസംമ്പർ 2

2 വേൾഡ് വൈഡ് വെബ് ന്റെ ഉപജ്ഞാതാവ്?

ടിം ബേണേഴ്സ് -ലി

3 വിക്കി മീഡിയ ഫൗണ്ടേഷന്റെ ആസ്ഥാനം?

സാൻഫ്രാൻസിസ്കോ


4 കേരളസർക്കാരിന്റെ കംമ്പ്യൂർ സാക്ഷരത പദ്ധതിയായ അക്ഷയ

ആദ്യമായി നടപ്പിലാക്കിയ ജില്ല?

മലപ്പുറം

5 ലിനക്സിന്റെ ചിഹ്നമായ ടക്സ് പെൻഗ്വിന്റെ രൂപം ചിത്രീകരിച്ചതാര്?

ലാറി എവിംഗ്


Thanks……